ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.08.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് ഇന്ന് തുടക്കം.

   Prime Minister Narendra Modi will embark on a visit to Poland and Ukraine today.

2. ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി ; കൊൽക്കത്തയിൽ വനിത ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയ കേസിന്റെ തൽസ്ഥിതി വിവരങ്ങൾ നാളെ സമർപ്പിക്കാൻ സിബിഐക്ക് നിർദ്ദേശം.

   Supreme Court set up a national task force to ensure the safety of medical professionals. The Apex Court also directs CBI to submit the status report on the West Bengal resident doctor's murder case tomorrow.

3. ഇന്ത്യ - യൂറോപ്യൻ യൂണിയൻ തീവ്രവാദ വിരുദ്ധ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

   EU-India Track 1.5 Conference against terrorist act will begin today in New Delhi.

4. കേരളത്തിൽ സിനിമ മേഖലയിൽ സമഗ്ര നയം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   A comprehensive policy will be set up in Malayalam film industry said CM Pinarayi Vijayan

5. **രാജ്യത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രണ്ട് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലവസ്ഥാ വകുപ്പ്; കേരളത്തിലും ശക്തമായ മഴ തുടരും ആറ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

   **IMD has forecast very heavy to extremely heavy rainfall over Northeast India for the next two days. Rain will continue in Kerala also. Six districts under orange alert**

6. **ഐസിസി വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിന്റെ വേദികൾ ബംഗ്ലാദേശിൽ നിന്ന് യു എ ഇ യിലേക്ക് മാറ്റി.**

   **The International Cricket Council ICC has moved the Women's T20 World Cup to the United Arab Emirates (UAE) from Bangladesh,**

*************************************

## PRESIDENT – FARIDABAD.

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹരിയാന സന്ദർശിക്കും. ഫരീദാബാദിലെ ജെ സി ബോസ് ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അഞ്ചാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനാണ് രാഷ്ട്രപതി ഹരിയാനയിലെത്തുന്നത്.

*************************************

## VP-INDIA AFRICA CONCLAVE

വിദേശകാര്യ മന്ത്രാലയത്തിന്റെയും വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെയും പങ്കാളിത്തത്തോടെ, ന്യൂഡൽഹിയിൽ സംഘടിപ്പിച്ചിരിക്കുന്ന ഇന്ത്യ-ആഫ്രിക്ക ബിസിനസ് കോൺക്ലേവിന്റെ 19-ാം പതിപ്പ് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉദ്ഘാടനം ചെയ്യും. വ്യാപാരം, നിക്ഷേപം, അടിസ്ഥാന സൗകര്യം എന്നീ മേഖലകൾക്കാണ് മൂന്നുദിവസം നീണ്ടുനിൽക്കുന്ന കോൺക്ലേവ് ഊന്നൽ നൽകുന്നത്. 47 ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 1100 ലധികം അന്താരാഷ്ട്ര പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കുന്നു.

***************************************

## PM POLAND-UKRAINE VISIT ...INTRO

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് ഇന്ന് തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി എന്നിവർ ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും. **വിശദാംശങ്ങളിലേക്ക്..**

(വോയ്സ്)

*45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ാം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം. യുക്രൈൻ-റഷ്യ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ വിവിധ വേദികളിൽ ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു. സമാധാനം നിലനിർത്താൻ സാധ്യമായ എല്ലാ പിന്തുണയും നൽകാൻ തയാറാണെന്നും ഇന്ത്യ അറിയിച്ചിട്ടുണ്ട്. ന്യൂസ് ഡസ്ക്, ആകാശവാണി......*

***************************************

## KOLKATA MURDER CASE-SC

ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ലിംഗപരമായ വിവേചനം തടയുന്നതിനുമായി ദേശീയ തലത്തിൽ പ്രോട്ടോക്കോൾ തയ്യാറാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു.

കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് സ്വമേയധാ എടുത്ത കേസിൽ വാദം കേൾക്കുകയായിരുന്നു കോടതി. ആരോഗ്യ മേഖലയിൽ ജോലി ചെയ്യുന്നവർ നിരന്തരം ആക്രമണങ്ങൾക്ക് വിധേയരാകേണ്ടി വരുന്നതായും, വനിതാ ഡോക്ടർമാർക്കാണ് കൂടുതലായി ഇത്തരം അക്രമങ്ങൾ നേരിടേണ്ടി വരുന്നതെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അഭിപ്രായപ്പെട്ടു. കേസിന്റെ തൽസ്ഥിതി വിവരങ്ങൾ നാളെ സമർപ്പിക്കണമെന്ന് സിബിഐക്ക് കോടതി നിർദ്ദേശം നൽകി.

*******************************************

## INDIA–EU CONFERENCE

രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഇന്ത്യ - യൂറോപ്യൻ യൂണിയൻ തീവ്രവാദ വിരുദ്ധ സമ്മേളനത്തിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. ഓൺലൈൻ വഴി ഉയർന്നുവരുന്ന വിഘടനവാദ ഭീഷണികൾ ചർച്ച ചെയ്യുന്നതിനും തീവ്രവാദ സമീപനങ്ങളെ സംയുക്തമായി നേരിടാനുള്ള വഴികൾ കണ്ടെത്തുന്നതിനുമായാണ് സമ്മേളനം. ദക്ഷിണേഷ്യയിലെയും യൂറോപ്പിലെയും ഡിജിറ്റൽ തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ മുൻനിരയിലുള്ള വിദഗ്ധർ, നയരൂപകർത്താക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. മേഖലയിലെ തീവ്രവാദ വിരുദ്ധ സംഭാഷണങ്ങളും പങ്കാളിത്തവും മെച്ചപ്പെടുത്താനും സമ്മേളനം ലക്ഷ്യമിടുന്നു. യൂറോപ്യൻ യൂണിയനും ഇന്ത്യയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന തീവ്രവാദ വിരുദ്ധ ഇടപെടലുകളുടെ ഭാഗമായാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

*******************************************

## DOCTOR – STRIKE CALLED OFF

കൊൽക്കത്തയിലെ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ന്യൂഡൽഹിയിലെ ആർ എം എൽ ആശുപത്രിയിൽ റെസിഡൻറ് ഡോക്ടർമാർ നടത്തി വന്ന സമരം പിൻവലിച്ചു.

Resident Doctor Association നാണ് സമരം പിൻവലിക്കുന്നതായി പ്രസ്താവനയിൽ അറിയിച്ചത്. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുക, കൊല്ലപ്പെട്ട വനിത ഡോക്ടർക്ക് നീതി ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചതിനാലാണ് സമരം പിൻവലിച്ചത്.

************************************

## CBI-FAKE LETTER

കൊൽക്കത്ത ആർ.ജി.കർ ആശുപത്രിയിലെ ഡോക്ടറെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം സംബന്ധിച്ച് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന കത്ത് വ്യാജമാണെന്ന് സി.ബി.ഐ. ഒരു സി.ബി.ഐ ഉദ്യോഗസ്ഥന്റെ പേര് എടുത്തു പറയുകയും, കേസിന്റെ അന്വേഷണം പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നതുമായ കത്തും അതിലെ ഉള്ളടക്കവും വ്യാജമാണെന്ന് സി.ബി.ഐ അറിയിച്ചു. സി.ബി.ഐയിൽ ഇത്തരമൊരു ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്നില്ലെന്നും പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഏജൻസി വ്യക്തമാക്കി.

************************************

## GOVT - LATERAL ENTRY

സർക്കാർ ജോലികളിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ള സമാന്തര നിയമനം സംബന്ധിച്ച വിജ്ഞാപനം യു.പി.എസ്.സി പിൻവലിച്ചു. പ്രധാനമന്ത്രിയുടെ നിർദ്ദേശ പ്രകാരമാണ് നടപടി. ജോയിൻറ് സെക്രട്ടറി, ഡയറക്ടർ, ഡെപ്യൂട്ടി സെക്രട്ടറി സ്ഥാനങ്ങളിലേക്കുള്ള 45 നിയമനങ്ങൾ സംബന്ധിച്ച പരസ്യമാണ് പിൻവലിച്ചത്. സമാന്തര നിയമനങ്ങളിൽ സംവരണ നിബന്ധനകൾ പരിഗണിക്കണമെന്ന ദൃഢ നിശ്ചയമാണ് പ്രധാനമന്ത്രിക്കുള്ളതെന്ന് യു പി എസ് സി ചെയർമാന് അയച്ച കത്തിൽ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ് വ്യക്തമാക്കി. മുൻ സർക്കാരുകളുടെ കാലത്ത്, വിവിധ മന്ത്രാലയങ്ങളിലെ പ്രധാനപ്പെട്ട തസ്തികകളിൽ

സംവരണ നടപടിക്രമങ്ങളൊന്നും പാലിക്കാതെ സമാന്തര നിയമനം നൽകിയിരുന്നതായും അദ്ദേഹം വ്യക്തമാക്കി.

*********************************************

## INDIA AND JAPAN

ഇന്നലെ ന്യൂഡൽഹിയിൽ നടന്ന 2+2 മന്ത്രിതല ചർച്ചയിൽ ഇന്ത്യയും ജപ്പാനും ഉഭയകക്ഷി സഹകരണം അവലോകനം ചെയ്തു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ, ജപ്പാൻ പ്രതിരോധ മന്ത്രി കിഹാര മിനോരു, വിദേശകാര്യ മന്ത്രി യോക്കോ കാമികാവ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സംരംഭങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. 2022 സെപ്റ്റംബറിൽ ടോക്കിയോയിൽ നടന്ന അവസാന കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുപക്ഷവും കാര്യമായ പുരോഗതി കൈവരിച്ചതായി യോഗത്തിന് ശേഷമുള്ള വാർത്താക്കുറിപ്പിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു. ഇന്തോ-പസഫിക് മേഖലയിലെ സമാധാനത്തിനും സ്ഥിരതയ്ക്കും ഇന്തോ-ജപ്പാൻ പങ്കാളിത്തം പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. പ്രതിരോധവും സുരക്ഷയും സംബന്ധിച്ച വിപുലമായ വീക്ഷണങ്ങൾ യോഗത്തിൽ പങ്കുവച്ചതായി വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ വാർത്താക്കുറിപ്പിൽ പറഞ്ഞു. അതിർത്തി കടന്നുള്ളതുൾപ്പെടെയുള്ള ഭീകരതയ്ക്കെതിരെ ഇന്ത്യയും ജപ്പാനും ശക്തമായി നിലകൊള്ളുമെന്നും അദ്ദേഹം പറഞ്ഞു.

*********************************************

## INDIA AND MALAYSIA

ഇന്ത്യ-മലേഷ്യ ഉഭയകക്ഷി ബന്ധം സമഗ്ര തന്ത്രപര പങ്കാളിത്തമായി ഉയർത്താൻ തീരുമാനം. തൊഴിൽ, തൊഴിൽശക്തി, ആയുർവേദം, പരമ്പരാഗത ഔഷധങ്ങൾ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, സംസ്കാരം, ടൂറിസം, കായികം എന്നീ മേഖലകളിൽ സഹകരണത്തിനായി ഇരു രാജ്യങ്ങളും കരാറുകളിൽ ഒപ്പുവച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും തമ്മിൽ ഡൽഹിയിൽ നടന്ന പ്രതിനിധി തല ചർച്ചകളെ തുടർന്നാണ് തീരുമാനം. ഇന്ത്യയുടെ ഏകീകൃത പണമിടപാട് സംവിധാനമായ യുപിഐയെ മലേഷ്യയുടെ പേനെറ്റുമായി ബന്ധിപ്പിക്കുന്നതിന് ഇരുപക്ഷവും പ്രവർത്തിക്കുമെന്ന് ചർച്ചകൾക്ക് ശേഷം സംയുക്ത വാർത്താസമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയും മലേഷ്യയും തമ്മിലുള്ള വ്യാപാരം ഇനി മുതൽ ഇന്ത്യൻ രൂപയിലും മലേഷ്യൻ റിംഗിറ്റിലും നടത്താമെന്നും അദ്ദേഹം പറഞ്ഞു. ഇരുപക്ഷവും കൂടുതൽ ചർച്ചചെയ്യേണ്ട നിരവധി മേഖലകളുണ്ടെന്ന് മലേഷ്യൻ പ്രധാനമന്ത്രി പറഞ്ഞു.

*******************************************

## HEMA COMMITTEE REPORT – CM

കേരളത്തിൽ സിനിമ മേഖലയിൽ സമഗ്ര നയം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന്റെ കരട് തയ്യാക്കാൻ ഷാജി എൻ കരുൺ അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. നയത്തിന്റെ കരട് രേഖ ചർച്ച ചെയ്യാൻ കോൺക്ലേവ് സംഘടിപ്പിക്കും. സിനിമ മേഖലയിലെ തെറ്റുകൾ ചോദ്യം ചെയ്യാനും, മികച്ച വേതനം ഉറപ്പാക്കാനും സിനിമാ സംഘടനകൾ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## RAIN

രാജ്യത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രണ്ട് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലവസ്ഥാ വകുപ്പ്. പശ്ചിമബംഗാൾ, ബീഹാർ,ഝാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. കേരളത്തിലും ഇന്ന് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്

ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***********************************

## BANGLADESH-ICC WOMENS T20

ഐസിസി വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിന്റെ ഒമ്പതാം പതിപ്പിന്റെ വേദികൾ ബംഗ്ലാദേശിൽ നിന്ന് യു എ ഇ യിലേക്ക് മാറ്റി. എന്നാൽ ലോകകപ്പിന്റെ ഔദ്യോഗിക ആതിഥേയരായി ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് തുടരും. ഒക്ടോബർ 3 മുതൽ 20 വരെ യുഎഇയിലെ ദുബായ്, ഷാർജ എന്നീ രണ്ട് വേദികളിലായാണ് ടൂർണമെന്റ് നടക്കുക. ബംഗ്ലാദേശിലെ നിലവിലുള്ള സംഘർഷ സാഹചര്യം പരിഗണിച്ചാണ് തീരുമാനം.

***********************************

## INTERNATIONAL DAY OF REMEMBERANCE

ഇന്ന് ഭീകരവാദത്തിന് ഇരയായവരുടെ സ്മരണയ്ക്കായുള്ള അന്താരാഷ്ട്ര ദിനം. ഭീകരവാദത്തിന് ഇരയായവരെ സംരക്ഷിക്കാനും അവരുടെ അവകാശങ്ങളെ മാനിക്കാനും ആക്രമണങ്ങളിൽ ജീവൻ നഷ്ടമായവരെ അനുസ്മരിക്കാനുമാണ് ദിനം ആചരിക്കുന്നത്. 2017 ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് തീവ്രവാദത്തിന്റെ ഇരകളായവരോടുള്ള അനുസ്മരണാർത്ഥം ഈ ദിനം ആചരിക്കാൻ തീരുമാനിച്ചത്.

***********************************

## U17 WRESTLING- BRONZE

ജോർദാനിലെ അമ്മാനിൽ നടക്കുന്ന അണ്ടർ 17 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഗ്രീക്കോ-റോമൻ 110 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ റോണക് ദാഹിയ വെങ്കലമെഡൽ നേടി. നിലവിലെ ലോക രണ്ടാം നമ്പർ താരമായ റോണക്, വെങ്കല മെഡൽ മത്സരത്തിൽ, തുർക്കി താരത്തെ 6-1 ന് പരാജയപ്പെടുത്തിയാണ് കിരീടം സ്വന്തമാക്കിയത്.

*************************************************************************************************

***********************************************